Wayn — 1500

# പദ്ധതികളെക്കുറിച്ച് ധവളപത്രം ഇറക്കണം

സുൽത്താൻബത്തേരി: ഇരുപത്തിഅഞ്ചിലധികം വർഷങ്ങളായി മാറിവരുന്ന സർക്കാരുകൾ പദ്ധതി വിഹിതമനുവദിച്ചിട്ടും പണി തീരാത്ത കാരാപ്പുഴ, ബാണാസുര സാഗർ പദ്ധതികളെക്കുറിച്ച് സർക്കാർ അടിയന്തരമായി ധവളപത്രം പുറപ്പെടുവിക്കണമെന്ന് സേവ് വയനാട് മൂവ്മെൻറ് ആവശ്യപ്പെട്ടു.

രണ്ടു പദ്ധതികൾക്കുമായി അഞ്ഞൂറു കോടി രൂപ സർക്കാർ ഇതിനകം ചെലവഴിച്ചു കഴിഞ്ഞു. വയനാട്ടിലെ പഞ്ചായത്തുകൾക്കായി തുക വീതിച്ചു നൽകിയിരുന്നുവെങ്കിൽ ജലസേചനം, കുടിവെള്ളം, കൈത്തൊഴിൽ തുടങ്ങി വികസനത്തിൻെറ ചില മേഖലകളിലെങ്കിലും സ്വയം പര്യാപ്തമാവാൻ ജില്ലക്കു കഴിയുമായിരുന്നു.

ഈ പദ്ധതികൾക്കായി 23,000 ഏക്കറോളം ഭൂമിയാണ് ഒഴിച്ചിട്ടിരിക്കുന്നത്. ഈ ഭൂമിയിൽ 25 വർഷമായി കൃഷിയിറക്കാത്തതുമൂലം ഉണ്ടായ നഷ്ടം ഭീമമാണ്. നെല്ലിൻെറ കണക്കെടുത്താൽ ഒരു വർഷം 7500 ടൺ നെല്ലു തോതിൽ ഇക്കാലയളവിൽ ഒന്നേമുക്കാൽ ലക്ഷം ടൺ നെല്ല് വയനാടിനു നഷ്ടമായി. കൂടാതെ കുരുമുളക്, കാപ്പി തുടങ്ങിയ നാണ്യ വിളകളിൽ നിന്നും മൂവായിരം കോടി രൂപയിലധികവും നഷ്ടമായിട്ടുണ്ട്. മാത്രമല്ല ഈ പദ്ധതികളിൽ നിന്നും ലഭ്യമായ വെള്ളമുപയോഗിച്ച് ഇതുവരെ കൃഷി ഉല്പാദനം നടത്താൻ കഴിഞ്ഞിട്ടുമില്ല.

കാരാപ്പുഴയിൽ നിന്നും തരിയോടുനിന്നും കുടിയൊഴിപ്പിക്കപ്പെട്ട കർഷകരും ആദിവാസികളും പ്രതിഫലത്തിനുവേണ്ടി കോടതികൾ കയറിയിറങ്ങുകയാണ്. പദ്ധതി പ്രദേശത്ത് താമസിച്ചിരുന്ന ആദിവാസികൾ രേഖകളില്ലാത്തതിനാൽ ഇതുവരെ പുനരധിവസിക്കപ്പെട്ടിട്ടില്ല. കാരാപ്പുഴയിൽ മാത്രം 465 കുടുംബങ്ങൾ കിടപ്പാടം നഷ്ടപ്പെട്ട് തെരുവിൽ കഴിയുന്നു. ഇവർ അനുകൂലമായി കോടതി വിധി സമ്പാദിച്ചുവെങ്കിലും സർക്കാർ ഭാഗത്തുനിന്നും പുനരധിവാസത്തിനുള്ള ഒരു ശ്രമവും നടത്തിയിട്ടില്ല.

ഇതിനുപുറമെയാണ് കാരാപ്പുഴയിലെയും ബാണാസുര സാഗറിലെയും അഴിമതിയുടെ കഥകൾ. ഇവ ഇപ്പോൾ വിജിലൻസ് അന്വേഷണം നേരിടുന്നു.

ആഗസ്റ്റ് അവസാനം മീനങ്ങാടിയിൽ വയനാട്ടിലെ ജലപദ്ധതികൾക്കെതിരെ, ജില്ലാതല സമരപ്രഖ്യാപന കൺവെൻഷൻ നടത്താൻ തീരുമാനിച്ചു. കൺവെൻഷനിൽ പ്രൊഫ. നഞ്ചുണ്ട സ്വാമി, സുഗതകുമാരി, ജസ്റ്റിസ് വി.ആർ. കൃഷ്ണയ്യർ തുടങ്ങിയവർ സംബന്ധിക്കും.

ബത്തേരിയിൽ ചേർന്ന യോഗത്തിൽ അബ്രഹാം ബൻഹർ അധ്യക്ഷതവഹിച്ചു. പി.യു. ജോയി, ബാബു മൈലമ്പാടി, എൻ. ബാദുഷ, ബിനു ഫ്രാൻസിസ്, എൻ.എം. ജോസ്, ബേബി എൽദോ, എ.കെ. വിജയൻ തുടങ്ങിയവർ സംസാരിച്ചു.

96. [illegible]

മാതൃഭൂമി CLT 1999 ജനവരി 11 തിങ്കളാഴ്ച

# വയനാടിൻെറ പരിസ്ഥിതിക്കും വന്യജീവി സമ്പത്തിനും വ്യാപകമായ ഭീഷണി

## —പ്രകൃതി സംരക്ഷണ സമിതി

സുൽത്താൻബത്തേരി: വയനാടിൻെറ പരിസ്ഥിതിയും വന്യജീവി സമ്പത്തും ഭീഷണി നേരിടുന്നതിനാൽ ആത്മാർത്ഥതയും പരിസ്ഥിതി—വന്യജീവി സംരക്ഷണ തൽപ്പരരുമായ വനപാലകരെ നിയമിക്കണമെന്ന് വയനാട് പ്രകൃതി സംരക്ഷണസമിതി വനമേധാവികൾക്ക് നൽകിയ നിവേദനത്തിൽ ആവശ്യപ്പെട്ടു.

വന സംരക്ഷണത്തിൽ താൽപ്പര്യമില്ലാത്ത ഒരു കൂട്ടം ഉദ്യോഗസ്ഥന്മാരുടെ കൈകളിലാണ് വയനാട് വനമേഖല ഇപ്പോൾ. വനംകൊളളക്കാരുടെയും ചന്ദനം കടത്തുകാരുടെയും അഴിഞ്ഞാട്ടം മുമ്പില്ലാത്തവിധം വയനാട്ടിൽ ശക്തമായിക്കൊണ്ടിരിക്കുന്നു. വനംവകുപ്പിൻെറ ഭാഗത്തുനിന്നും ഇതിനെതിരെ യാതൊരു പ്രവർത്തനവും നടക്കുന്നില്ല. മാത്രമല്ല പൊതുജന ദൃഷ്ടിയിൽ വനംവകുപ്പും ജീവനക്കാരും ഇത്രയേറെ അപഹാസ്യരാകുന്ന സ്ഥിതി മുമ്പെങ്ങുമുണ്ടായിട്ടില്ല.

അടുത്തിടെ നായ്ക്കട്ടിയിൽ നിന്നും ആനക്കൊമ്പുമായി പിടികൂടിയവരെ രക്ഷിക്കാൻ വകുപ്പ് മന്ത്രിയുടെ ആൾക്കാർ തന്നെ ചുറ്റിനടക്കുകയുണ്ടായി. ഈ കേസിൽ ചാർജ്ഷീറ്റ് തന്നെ മാറ്റി എഴുതി ആനക്കൊമ്പിനൊപ്പം പിടികൂടിയ സാധനങ്ങൾ രേഖയിൽ നിന്നും ഒഴിവാക്കപ്പെടുകയും ചെയ്തു.

നീലഗിരി ബയോസ്ഫിയർ മേഖലയിലെ ആനവേട്ടയുടെ മുഴുവൻ ഉത്തരവാദിത്വവും വനംകൊള്ളക്കാരൻ വീരപ്പൻെറ ചുമലിൽ കെട്ടിവെച്ച് യഥാർഥ കുറ്റവാളികൾ രക്ഷപ്പെടുന്നു. മുത്തങ്ങ, കല്ലൂർ, നൂൽപ്പുഴ, നായ്ക്കട്ടി പ്രദേശത്തുള്ള അഞ്ചോളം വേട്ടസംഘങ്ങൾക്കാണ് വലിയ പങ്കെന്ന് തമിഴ്നാട് വനംവകുപ്പ് നടത്തിയ അന്വേഷണത്തിൽ വെളിവായി. ആനവേട്ട നിയന്ത്രിക്കുന്നതിന് സഹകരണം ലഭിക്കുന്നില്ലെന്നും അടുത്തിടെ പിടികൂടിയ ആനക്കൊമ്പ് സംഘത്തെ തമിഴ്നാട്, കർണ്ണാടക വനംവകുപ്പുകാർക്ക് കൈമാറുന്നത് തടയാൻ കേരള വനംവകുപ്പ് ചരടുവലികൾ നടത്തുകയാണെന്നും തമിഴ്നാട് വനംവകുപ്പിലെ ഒരു ഉന്നത ഉദ്യോഗസ്ഥൻ പറഞ്ഞതായി പ്രകൃതി സംരക്ഷണസമിതി നിവേദനത്തിൽ പറയുന്നു. മസിനഗുഡി സംഭവത്തിലെ ചിലർ കേരള വനംവകുപ്പിലെ ഉദ്യോഗസ്ഥന്മാരുടെ സംരക്ഷണയിലാണ്.

വന്യജീവികളിൽ നിന്നും കർഷകരേയും സമീപവാസികളേയും രക്ഷിക്കുന്നതിന് റേഡിയോ കോളർ ഒരു പരിഹാരമല്ല. വന്യജീവികളുടെ ആവാസ സ്ഥാനങ്ങളുടെ ഫലപ്രദമായ സംരക്ഷണമാണ് ആദ്യമായി ചെയ്യേണ്ടത്. അതോടൊപ്പം വനത്തിനകത്ത് കഴിയുന്നവരെ മാറ്റിപ്പാർപ്പിക്കണം. വൈദ്യുത വേലികളുടെയും കിടങ്ങുകളുടെയും സംരക്ഷണവും പുതിയത് സ്ഥാപിക്കുകയും വേണം.

രാഷ്ട്രീയമായ ഇടപെടലുകൾ ഒഴിവാക്കി നീതിപൂർവ്വമായ അന്വേഷണത്തിലൂടെ ആനവേട്ട സംഘങ്ങളെ നിയമത്തിൻെറ മുന്നിൽ കൊണ്ടുവരിക, വനംവകുപ്പിൽ മുമ്പുണ്ടായിരുന്ന ആൻറി പോച്ചിംഗ് സ്ക്വാഡ് പുനഃസ്ഥാപിക്കുക, വനംവകുപ്പ് ജീവനക്കാരുടെ നഷ്ടപ്പെട്ട ആത്മാർത്ഥതയും ആത്മവിശ്വാസവും വീണ്ടെടുക്കാനുള്ള പ്രവർത്തനങ്ങൾ നടത്തുക, റേഡിയോകോളർ ആന ചത്തതിൻെറ കാരണം കണ്ടുപിടിക്കുക തുടങ്ങിയ ആവശ്യങ്ങളും അടങ്ങുന്നതാണ് സമിതി പ്രസിഡണ്ട് കേന്ദ്രപരിസ്ഥിതി വകുപ്പ്, ചീഫ് വൈൽഡ് ലൈഫ് വാർഡൻ, ഡയറക്ടർ ഓഫ് ഫോറസ്റ്റ്, കെ.എഫ്.ആർ.ഐ, കെ.എഫ്.പി.എസ്.എ എന്നിവർക്ക് നൽകിയ നിവേദനം.

കേരളകൗമുദി. 99. ജനു. 21

# വന്യജീവി കാര്യാലയം ഉപരോധിച്ചു

സുൽത്താൻ ബത്തേരി: വയനാടൻ കാടുകളിലെ വന-വന്യ ജീവികളുടെ കൂട്ടക്കുരുതിക്കറുതി വരുത്താൻ അടിയന്തിര നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് പ്രകൃതി സംരക്ഷണ സമിതി പ്രവർത്തകർ വയനാട് വന്യജീവി കാര്യാലയം ഉപരോധിച്ചു.

വയനാട് വന്യജീവി സങ്കേതത്തിനകത്തും സമീപപ്രദേശങ്ങളായ ബന്ദിപ്പൂർ, മുതുമല, നാഗർഹോള എന്നിവിടങ്ങളിലും വ്യാപകമായി ആനക്കൊമ്പിന് വേണ്ടി ആനയെക്കൊന്ന് കൊമ്പ് എടുക്കുമ്പോഴും നിയമ സംരക്ഷകരായ വനപാലകൻ തന്നെ വേട്ട നടത്തിയ ആനകൊമ്പ് പിടിച്ചിട്ടും വേട്ട സംഘത്തെ രക്ഷപ്പെടാൻ അനുവദിച്ചുകൊണ്ട് നി[illegible]ം കാറ്റിൽ പറത്തുകയാണ്.

ഗ[illegible]ഷണത്തിന്റെ പേരിൽ കാട്ടാനകളെ മയക്കുവെടി വെച്ചു കൊന്നൊടുക്കുകയും കാട്ടിൽ യഥേഷ്ടം വിഹരിക്കുന്ന കാട്ടാനകളെ മദ്യ മാഫിയ വാഷിൽ വിഷം കലർത്തി കൊലപ്പെടുത്തിയിട്ടും യാതൊരു നടപടിയും സ്വീകരിക്കാതെ ഇവയുടെ വംശനാശത്തിന് അധികൃതർ തന്നെ കൂട്ടുനിൽക്കുകയാണെന്ന് ആരോപിച്ചു കൊണ്ടായിരുന്നു ഉപരോധം.

ഉപരോധം പഴശ്ശി നാച്വർ ക്ളബ് പ്രസിഡന്റ് ഡോ. എ.സുകുമാരൻ ഉദ്ഘാടനം ചെയ്തു. പ്രാകൃതമായ മയക്കുവെടിയും റേഡിയോ കോളറിങ്ങും അവസാനിപ്പിക്കുക, ആനവേട്ടക്കാരിൽ നിന്ന് പണം പറ്റിയ റെയിഞ്ചറുടെ പേരിൽ നടപടി സ്വീകരിക്കുക, മാവൂർ ഗ്വാളിയോർ റയോൺസിനുവേണ്ടിയുള്ള മുളമുറി അവസാനിപ്പിക്കണമെന്നും ആവശ്യപ്പെടുന്ന നിവേദനം വാർഡന് നൽകി. ഉപരോധനത്തിന് ശേഷം ബത്തേരി പട്ടണത്തിൽ നടന്ന പൊതുസമ്മേളനത്തിൽ എൻ.ബാദുഷ അധ്യക്ഷം വഹിച്ചു. എം.ഗംഗാധരൻ, ബേബി വടക്കേൽ, സുരേന്ദ്രനാഥ്, പി.ഫിലിപ്പോസ്, തോമസ് അമ്പലവയൽ എന്നിവർ സംസാരിച്ചു.

## ഡി.പി. ഇ. പിക്കെതിരെ യോഗം ചേരുന്നു

സുൽത്താൻ ബത്തേരി: ഡി. പി. ഇ. പി ക്കെതിരെ സംസ്ഥാനത്തെ മുഴുവൻ രക്ഷിതാക്കളെയും സംയോജിപ്പിച്ചു കൊണ്ടുള്ള പ്രവർത്തനങ്ങൾക്ക് രൂപം നൽകുന്നതിനായി കോഴിക്കോട് നളന്ദ ഓഡിറ്റോറിയത്തിൽ ഫെബ്രുവരി 9 ന് രാവിലെ പി.ടി. എ കളുടെ സമ്മേളനം ചേരുമെന്ന് സംഘാടക സമിതി കൺവീനർ കെ.ജെ. ദേവസ്യ അറിയിച്ചു.




വനം-വന്യജീവി ധ്വംസനം അവസാനിപ്പിക്കണമെന്ന് ആവശ്യപ്പെട്ട് വയനാട് മൃഗ സംരക്ഷണ സമിതി വന്യജീവി കാര്യാലയത്തിന് മുമ്പിൽ നടത്തിയ ഉപരോധം പഴശ്ശി നാച്വറൽ ക്ളബ് പ്രസിഡന്റ് ഡോ. എ. സുകുമാരൻ ഉദ്ഘാടനം ചെയ്യുന്നു

ബലിയർക്കടവ്-4.30

## ജീവസ്രോതസ്സ് നിലനിർത്താൻ ഗ്രാസിം പൂട്ടണം: സമരസമിതി

സുൽത്താൻ ബത്തേരി: ചാലിയാറും തീരപ്രദേശങ്ങളും വിഷമയമാക്കുന്ന മാവൂർ റയോൺസ് ഫാക്ടറി പൂട്ടേണ്ടത് വയനാടിന്റെ ജീവസ്രോതസ്സ് നിലനിൽപ്പിനാവശ്യമാണെന്ന് ചാലിയാർ സമരസമിതി വയനാട് ഘടക രൂപീകരണ യോഗം അഭിപ്രായപ്പെട്ടു.

നിലമ്പൂർ കാടുകളിൽ നിന്നും 160000 ടൺ മുള വെട്ടാമെന്ന തെറ്റായ കണക്കിന്റെ അടിസ്ഥാനത്തിലാണ് ടണ്ണിന് ഒരു രൂപവെച്ച് മുള നൽകി 1958-ൽ മാവൂരിൽ ഫാക്ടറി സ്ഥാപിച്ചത്. എന്നാൽ 1967 ആയപ്പോഴും ഈ വ്യവസായ ഭീകരന്റെ കണ്ണ് വയനാടൻ കാടുകളിലേക്കായി. ജില്ലയിലെ മുഴുവൻ മുളകളും വെട്ടാനുള്ള കുത്തകാവകാശം സർക്കാർ നൽകുകയും ചെയ്തു. ആദിവാസിയായ ഒരു കർഷകൻ 5 മുളക്ക് 1200 രൂപ നൽകുമ്പോഴും മാവൂർ ഫാക്ടറി ടണ്ണിന് ഉണങ്ങിയ മുളക്ക് നൽകുന്നത് 450 രൂപ മാത്രമാണ്. മുള ഉപയോഗിച്ച് കൈത്തൊഴിൽ ചെയ്ത് ജീവിക്കുന്നവരുടെ മാത്രമല്ല വയനാട്ടിലെ ആദിവാസികളുടെയും കർഷകരുടേയും ജീവിതംവരെ ഫാക്ടറി താറുമാറാക്കി.

മുളയുടെ ലഭ്യത കുറഞ്ഞപ്പോഴും ഫാക്ടറി നിലനിൽപ്പിനുവേണ്ടി സ്വാഭാവിക വനങ്ങളും നശിപ്പിച്ച് യൂക്കാലിപ്റ്റസ് നട്ടു. ഇത് പരിസ്ഥിതി തകർച്ചയോടൊപ്പം സാമ്പത്തികമായും നഷ്ടമുണ്ടാക്കി.

റയോൺസ് പൂട്ടണമെന്ന് സംസ്ഥാന വ്യാപകമായി പ്രക്ഷോഭം ആരംഭിക്കുന്നതിന്റെ ഭാഗമായിട്ടാണ് വയനാട്ടിൽ സമരസഹായസമിതി രൂപീകരിച്ചത്. യോഗത്തിൽ ചാലിയാർ സമരസമിതിയുടെ സംസ്ഥാന കോ-ഓർഡിനേറ്റർ എ. സുരേന്ദ്രനാഥ് അധ്യക്ഷനായിരുന്നു. പി. ഫിലിപ്പോസ്, നാരായണൻ, ബേബി വടക്കേൽ, ഡോ. എ. സുകുമാരൻ, പി.കെ. ഹസ്സൻ, എൻ. ബാദുഷ എന്നിവർ പ്രസംഗിച്ചു. ഫിബ്രവരി 17-ന് കല്പറ്റയിൽ സമര പ്രഖ്യാപന കൺവെൻഷൻ നടത്താൻ യോഗം തീരുമാനിച്ചു. ഡോ: നഞ്ചുണ്ടസ്വാമി, സുഗതകുമാരി, മുൻ എം.പി. കെ.പി. സുരേന്ദ്രനാഥ് എന്നിവർ പങ്കെടുക്കും. വി. ഫിലിപ്പോസ് ചെയർമാനും എൻ. ബാദുഷ കൺവീനറുമായി 40 അംഗ ജില്ലാ സമര സഹായസമിതിയും രൂപീകരിച്ചു.

മലയാള മനോരമ.

1999 ജനുവരി 21 വ്യാഴം

## വന്യജീവികേന്ദ്രം മൃഗങ്ങളുടെ കുരുതിക്കളം

ബത്തേരി: വയനാട് വന്യജീവി കേന്ദ്രം ആനകളടക്കമുള്ള വന്യജീവികളുടെ കുരുതിക്കളമായി മാറിയിരിക്കുകയാണെന്ന് വയനാട് പ്രകൃതി സംരക്ഷണസമിതി ആരോപിച്ചു. ആനവേട്ടയും വനംകൊള്ളയും കള്ളവാറ്റും തൊഴിലാക്കിയ നിരവധി സംഘം ഇപ്പോൾ വനമേഖല കയ്യടക്കിയിരിക്കുന്നു. ഈയിടെ വിഷം ചേർത്ത വാഴ് കുടിച്ച ഒരു കുട്ടിക്കൊമ്പൻ വനത്തിൽ ചെരിഞ്ഞു. ശാസ്ത്രീയ ഗവേഷണങ്ങൾ നടപ്പാക്കുന്നതിനിടെ

കഴിഞ്ഞ അഞ്ചു വർഷത്തിനുള്ളിൽ അനേകം ആനകൾ വയനാടൻ വനമേഖലയിൽ കൊല്ലപ്പെട്ടിട്ടുണ്ട്. അടുത്തിടെ പിടിയിലായ ആനവേട്ടസംഘത്തെ രക്ഷിക്കുന്നതിന് രംഗത്തിറങ്ങിയ വനംവകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരെയും രാഷ്ട്രീയക്കാരെയും ജനമധ്യത്തിൽ തുറന്നു കാണിക്കുന്നതിന് പ്രക്ഷോഭ പരിപാടികൾ ആരംഭിക്കാൻ യോഗം തീരുമാനിച്ചു. അന്താരാഷ്ട്ര തലത്തിൽ ആനക്കൊമ്പ് വിപണി വീണ്ടും തുറന്നു കൊടുത്തതാണ് ആനവേട്ട സംഘങ്ങൾ സജീവമാകാൻ കാരണമെന്ന് യോഗം വിലയിരുത്തി. പ്രസിഡന്റ് ബാബു മൈലമ്പാടി അധ്യക്ഷത വഹിച്ചു. എൻ.ബാദുഷ, പൃഥ്വീരാജ്, അമ്പിച്ചിറയിൽ, കെ.കെ.സുരേന്ദ്രൻ, തോമസ്, ടി.കെ.ഹംസ പ്രസംഗിച്ചു.

മാതൃഭൂമി CLT 1999 ജനവരി 29 വെള്ളിയാഴ്ച




ജില്ലാ പ്രകൃതി സംരക്ഷണ സമിതിയുടെ നേതൃത്വത്തിൽ നടന്ന വയനാട് വന്യജീവി കാര്യാലയം ഉപരോധം ഡോ. എ. ഗംഗാധരൻ ഉദ്ഘാടനം ചെയ്യുന്നു

# വന്യജീവികളെ കൊന്നൊടുക്കുന്നതിൽ പ്രതിഷേധിച്ചു

സുൽത്താൻബത്തേരി: കാട്ടാനകൾ അടക്കമുള്ള വന്യജീവികളെ കൊന്നൊടുക്കുന്നതിന് പരിഹാരം കാണണമെന്നാവശ്യപ്പെട്ട് ജില്ലാ പ്രകൃതി സംരക്ഷണ സമിതി വൈൽഡ്ലൈഫ് വാർഡന്റെ കാര്യാലയം ഉപരോധിച്ചു.

ഏഷ്യൻ ആനകളുടെ ആവാസ കേന്ദ്രത്തിലെ ഈ കൂട്ടക്കുരുതി വന്യജീവി പരിപാലകരുടെ അറിവോടെയാണെന്ന് പ്രകൃതിസംരക്ഷണസമിതി കുറ്റപ്പെടുത്തി.

വയനാട് വന്യജീവി കേന്ദ്രത്തിനകത്തും ഇതോട് ചേർന്നുകിടക്കുന്ന മുതുമല, ബന്ദിപ്പൂർ, നാഗർഹോള എന്നീ വന്യജീവി കേന്ദ്രങ്ങളിലും ആനവേട്ട വ്യാപകമാണ്. ഗവേഷണത്തിന്റെ പേരിൽ മയക്കുവെടിവെച്ച് ആനകളെ കൊല്ലുന്ന കാഴ്ചയാണ് വയനാട് കേന്ദ്രത്തിൽ കാണുന്നത്. വയനാടൻ വനത്തിൽ യഥേഷ്ടം വിഹരിക്കുന്ന വ്യാജവാറ്റ് സംഘം രണ്ട് കൊമ്പനാനകളെ വാഴയിൽ വിഷം ചേർത്ത് കൊന്നിട്ടും കുറ്റവാളികളെ പിടികൂടാൻ വനംവകുപ്പ് നടപടി എടുത്തില്ലെന്ന് അവർ ആരോപിച്ചു.

കൃഷിനാശത്തിന്റെ പേരിൽ ആനകളെ ഒരു വിഭാഗം കർഷകർ പീഡിപ്പിക്കുന്നതായും പ്രവർത്തകർ ചൂണ്ടിക്കാട്ടി. എല്ലാ വിഭാഗത്തിൽ നിന്നുമുള്ള ആക്രമണത്താൽ വയനാട് വന്യജീവി കേന്ദ്രം വന്യജീവികളുടെ ശവപ്പറമ്പായി മാറുകയാണ്.

വേട്ടസംഘത്തെ പിടികൂടണമെന്നും മയക്കുവെടിയും റേഡിയോ കോളർവെക്കുന്നതും അവസാനിപ്പിക്കണമെന്നും ആവശ്യപ്പെട്ട് വൈൽഡ്ലൈഫ് വാർഡന് സമിതി നിവേദനം നല്കി.

[illegible]

# കാട്ടാനകളുടെ കൂട്ടക്കുരുതിക്ക് അറുതി വരുത്തണം

ബത്തേരി: വയനാടൻ കാടുകളിലെ കാട്ടാനകൾ അടക്കമുള്ള വന്യജീവികളുടെ കൂട്ടക്കുരുതിക്ക് അറുതി വരുത്തണമെന്ന് ആവശ്യപ്പെട്ട് വയനാട് പ്രകൃതി സംരക്ഷണ സമിതി പ്രവർത്തകർ, വൈൽഡ് ലൈഫ് വാർഡന്റെ ഓഫീസ് ഉപരോധിച്ചു.

വയനാട് വന്യജീവി കേന്ദ്രത്തിനകത്തും സമീപ പ്രദേശങ്ങളായി, ബന്തിപ്പൂർ, മുതുമല, നാഗർഹോള, എന്നിവിടങ്ങളിലും ആനക്കൊമ്പിന് വേണ്ടിയുള്ള വേട്ട വ്യാപകമാണ്. അതോടൊപ്പം ഗവേഷണത്തിന്റെ മറവിൽ മയക്കുവെടി വച്ചും ആനകളെ കൊന്നൊടുക്കി കൊണ്ടിരിക്കുകയാണ്. ഉൾക്കാടുകളിൽ യഥേഷ്ടം വിഹരിക്കുന്ന കള്ളവാററു മാഫിയകൾ ബത്തേരി റേഞ്ചിൽ രണ്ടാനകളെ കൊല്ലുകയുണ്ടായി. പക്ഷെ കുററവാളികൾക്കെതിരെ നടപടിയെടുക്കുകയോ അന്വേഷണം നടത്തുകയോ ചെയ്തിട്ടില്ല.

വനപരിസരത്തുള്ള കർഷകരിൽ ഒരു ചെറിയ വിഭാഗം കാട്ടാനകളെ കൃഷിനാശത്തിന്റെ പേരിൽ പീഠിപ്പിക്കുന്നുണ്ട്. ചുരുക്കത്തിൽ വന്യജീവി കേന്ദ്രം കാട്ടാനകളുടെയും മററു വന്യജീവികളുടെയും ശവപറമ്പായി മാറിയിരിക്കുകയാണ്.

കാട്ടാനകളുടെ കൂട്ടക്കുരുതിക്ക് അറുതി വരുത്തണമെന്നുംവേട്ട സംഘങ്ങളെ അറസ്റ്റു ചെയ്യണമെന്നും പ്രകൃതമായ മയക്കുവെടിയും റേഡിയോ കോളറിങ്ങും അവസാനിപ്പിക്കണമെന്നും ആനവേട്ടക്കാരിൽ നിന്നും പണം പററിയ റെയ്ഞ്ചറുടെ പേരിൽ നടപടിയെടുക്കണമെന്നും, മാവൂർ ഗ്വാളിയോർ റയോൺസിന് വേണ്ടിയുള്ള മുളമുറി അവസാനിപ്പിക്കണമെന്നും ആവശ്യപ്പെടുന്ന നിവേദനം വൈൽഡ് ലൈഫ് വാർഡന് സമർപ്പിച്ചു.

ഉപരോധ സമരം പഴശ്ശി നാച്വർ ക്ലബ് പ്രസിഡണ്ട് ഡോ. എ. സുകുമാരൻ ഉൽഘാടനം ചെയ്തു. പ്രകടനത്തിന് ശേഷം ടൗണിൽ ചേർന്ന പൊതുയോഗത്തിൽ എൻ. ബാദുഷ അദ്ധ്യക്ഷം വഹിച്ചു. എം. ഗംഗാധരൻ, ബേബി വടക്കേൽ, സുരേന്ദ്രനാഥ്, പി. ഫിലിപ്പോസ്, എന്നിവർ സംസാരിച്ചു. സെക്രട്ടറി തോമസ് അമ്പലവയൽ നന്ദി പറഞ്ഞു.

ചിത്രദേശം



# മാവൂർ റയോൺസ് ഫാക്ടറി സമരം: വയനാട്ടിലും സമര സഹായ സമിതി

സുൽത്താൻ ബത്തേരി: മാവൂർ റയോൺസ് ഫാക്ടറി അടച്ച് പൂട്ടണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സംസ്ഥാനവ്യാപകമായി നടത്തുന്ന പ്രക്ഷോഭ സമരങ്ങളുടെ ഭാഗമായി വയനാട്ടിൽ സമര സഹായ സമിതി രൂപീകരിച്ചു. വിവധ സംഘടനാ പ്രതിനിധികൾ പങ്കെടുത്ത യോഗത്തിൽ ചാലിയാർ സമര സമിതിയുടെ സംസ്ഥാന കോ-ഓർഡിനേററർ എ. സുരേന്ദ്രനാഥ് അദ്ധ്യക്ഷത വഹിച്ചു. യോഗത്തിൽ വി. ഫിലിപ്പോസ് (ഫെഡിന) നാരായണൻ (സോളിഡാരിററി) ബേബി വടക്കേൽ (സേവ് കബനി കാമ്പയിൻ) ഡോ. എ. സുകുമാരൻ(പഴശ്ശി നാച്ച്വർ ക്ലബ്) ടി. കെ. ഹസ്സൻ (തുടി [illegible]ല്പ്പററ) എൻ ബാദുഷ (വയനാട് പ്രകൃതി സംരക്ഷണ സമിതി) എന്നിവർ സംസാരിച്ചു.

യോഗം അംഗീകരിച്ച പ്രമേയം ചാലിയാറും തൂരപ്രദേശങ്ങളും വിഷമയമാക്കുകയും ക്യാൻസറും മററു ശ്വാസകോശ രോഗങ്ങളും ബാധിച്ച് വാഴക്കാട് മാവൂർ പെരുവയൽ പഞ്ചായത്തുകളിലെ ജനങ്ങൾ മരിച്ചു വീഴുകയും ചെയ്യുമ്പോൾ സർക്കാരും റയോൺസ് ഫാക്ടറി അധികൃതരും മൗനം പൂണ്ടിരിക്കുന്നത് കേരളത്തിലെ ജനങ്ങളോടുള്ള വെല്ലുവിളിയാണ്.

മാവൂർ റയോൺസ് ഫാക്ടറി നമ്മുടെ ജീവിതങ്ങൾക്ക് മേൽ ഏൽപിക്കുന്ന ആഘാതം ചാലിയാറിന്റെ കരയിൽ മാത്രം ഒതുങ്ങി നിൽക്കുന്നില്ല. ഫാക്ടററിക്ക് വേണ്ട അസംസ്കൃത വസ്തുക്കളായ മുളയും പാഴ്മരങ്ങളും നൽകുന്ന പ്രദേശമെന്ന നിലക്ക് വയനാടിന് മേൽ ഈ ഫാക്ടറി ഏൽപിക്കുന്ന ആഘാതം ചെറുതല്ല. വയനാടിന്റെ ജീവ സ്രോതസ്സുകളായ വനങ്ങൾ അധികവും നശിപ്പിക്കപ്പെട്ടത് ഈ ഫാക്ടറി നിലനിർത്താൻ വേണ്ടിയാണ്. നിലമ്പൂർ

കാടുകളിൽ നിന്നും 1,60,000 ടൺ മുള ഒരു കൊല്ലം വെട്ടാമെന്ന തെററായകണക്കിന്റെ അടിസ്ഥാനത്തിലാണ് ടണ്ണിന് ഒരു രൂപ വെച്ച് മുള നൽകി 1958 ൽ മാവൂരിൽ ഫാക്ടറി സ്ഥാപിച്ചത്. എന്നാൽ 1967 ആയപ്പോഴേക്കും നിലമ്പൂരിലെ മുളകൾ തീർന്നപ്പോൾ ഈ വ്യവസായ ഭീകരന്റെ കണ്ണ് വയനാടൻ കാടുകളിലേക്കായി. 1962 ലാണ് കേരളത്തിലെ കാടുകളിലെ മുഴുവൻ മുളകളും വെട്ടാനുള്ള കുത്തകാവകാശം ബിർളക്ക് സർക്കാർ നൽകിയത്. ആദിവാസിയായ ഒരു കർഷകൻ 5 മുളക്ക് 1200 രൂപ നൽകുമ്പോൾ മാവൂർ ഫാക്ടറി ഒരു ടൺ ഉണങ്ങിയ മുളക്ക് നൽകുന്നത് 4.50 രൂപ മാത്രമാണ്, മുള ഉപയോഗിച്ച് കൈത്തൊഴിൽ ചെയ്ത് ജീവിക്കുന്നവരുടെ മാത്രമല്ല, വയനാട്ടിലെ ആദിവാസികളുടെയും കർഷകരുടെയും ജീവിതങ്ങൾ വരെ ഈ ഫാക്ടറി മൂലം താറുമാറാക്കപ്പെട്ടു. റയോൺസിന് വേണ്ടി വ്യാപകമായി മുളമുറിച്ചത് മൂലം ഭക്ഷണമില്ലാതായ ആനകളാണ് നാട്ടിലിറങ്ങി കൃഷിയും ജനങ്ങളുടെ ജീവനും നശിപ്പിക്കുന്നത്.

മുളയുടെ ലഭ്യത കുറഞ്ഞപ്പോൾ ഈ ഫാക്ടറി നിലനിർത്തുന്നതിന് സ്വാഭാവിക വനങ്ങൾ വെട്ടി നശിപ്പിച്ച വയനാടൻ കാടുകളിൽ വ്യാപകമായി യൂക്കാലിപ്ററസ് കൃഷി ചെയ്ത്. ഇത് പരിസ്ഥിതിയിൽ തകർച്ചയോടൊപ്പം സാമ്പത്തികമായും വൻ നഷ്ടവുമാണ് നമുക്കുണ്ടാക്കിയത്. നിയമസഭയിൽ വനം വകുപ്പുമന്ത്രി ഒരു ചോദ്യത്തിനുത്തരമായി പറഞ്ഞത് ഒരു ഹെക്ടർ സ്ഥലത്ത് യൂക്കാലിപിററസ് വളർത്തിയെടുക്കുന്നതിന് 19,008 രൂപ ചെലവാകുമ്പോൾ വരുമാനമായി അതിൽനിന്ന് കിട്ടുന്നത് 9460 രൂപ മാത്രമാണ് എന്നാണ്. മാത്രമല്ല വയനാട്ടിലെ കാടുകളോട് ചേർന്നുള്ള ആയിരക്കണക്കിന് ഏക്കർ നെൽവയലുകളിൽ കൃഷിയോഗ്യമല്ലാതായതും ആ യൂക്കാലിപ്ററസ് കൃഷി മൂലമാണ്.

ഈ സാഹചര്യത്തിൽ മാവൂരിലെ റയോൺസ് ഫാക്ടറി ചാലിയാർ തീരവാസികൾക്ക് മാത്രമല്ല വയനാടൻ ജനതക്കും ഭീഷണിയാണ് അതുകൊണ്ട് ഈ ഫാക്ടറി അടച്ച് പൂട്ടാനുള്ള സമരത്തിൽ ചാലിയാർ തീരവാസികളോടൊപ്പം ഉറച്ചു നിൽക്കണമെന്ന് വയനാട്ടിലെ ജനങ്ങളോട് അഭ്യർത്ഥിക്കുന്നു.

ഫെബ്രുവരി 14 ന് കൽപ്പററയിൽ ജില്ലാതല സമര പ്രഖ്യാപന കൺവെൻഷൻ നടത്താൻ തീരുമാനിച്ചു. മുൻ എം. പി. കെ. പി. സുരേന്ദ്രനാഥ് ഡോ. നഞ്ചുണ്ട സ്വാമി (കർണാടക) സുഗതകുമാരി എന്നിവർ യോഗത്തിൽ പങ്കെടുക്കുന്നതാണ്.

വി. ഫിലിപ്പോസ് ചെയർമാനും എൻ. ബാദുഷ കൺവീനറുമായി. നാല്പതു പേരടങ്ങുന്ന ജില്ലാതല സമര സഹായ സമിതി രൂപീകരിച്ചു. യോഗത്തിൽ പ്രകൃതി സംരക്ഷണ സമിതി സെക്രട്ടറി തോമസ് അമ്പലവയൽ സ്വാഗതവും ബാബു മൈലമ്പാടി നന്ദിയും പറഞ്ഞു.

INDIAN EXPRESS. 31/1/99

A Committee to support the agitation against Grasim Industries was formed in Wayand district.

The committee meeting resolved that Grasim factory management has been posing a challenge to the people of the State, consuming their resources at very low cost and causing death and disease in the Chaliyar basin.

A district-level agitation committee was formed at the meeting with V Philipose as chairman and N Badusha as convenor. Thomas Ambalavayal welcomed the gathering. Babu Mylampadi proposed a vote of thanks.

## സായാഹ്ന വയനാട്

കൽപ്പററ: കാലിക്കററ് യൂണിവേഴ്സിററി ഇന്റർസോൺ കലോത്സവം. ഡക്കാൻ കമ്പ്യൂട്ടേഴ്സ് ഓഫീസിൽ

അക്കമഡേഷൻ കമ്മററി യോഗം –5.

മാനന്തവാടി: ഗവ: ഹൈസ്കൂൾ ഗ്രൗണ്ട്. മാനന്തവാടി മേഖല ലീഗ് ഫുട്ബോൾ ചാമ്പ്യൻഷിപ്പ്.

ബത്തേരി: സ്വതന്ത്രമൈതാനി എൻ. ജി. ഒ യൂണിയൻ സായാഹ്നധർണ്ണ 4.30.

കോട്ടത്തറ: വിജയ ആർട്സ് ആന്റ് സ്പോർട്സ് ക്ലബ് വോളിബോൾ മേള 4.30

മാനന്തവാടി: ഗവ: യു. പി. സ്കൂൾ ഗ്രൗണ്ട് സുവിശേഷ പ്രഭാഷണം– 5.

## ജനകീയാസൂത്രണ പദ്ധതിയിലൂ
## പഞ്ചായത്ത് വൈദ്യുതി ഉൽപ്പാദ

മേപ്പാടി: ഗ്രാമപഞ്ചായത്തിലെ വൈദ്യുതി എത്താ മേഖലകളിൽ വൈദ്യുതി എത്തിക്കുന്നതിന് വേണ്ടി ജലസ്രോതസ്സുകൾ ഉപയോഗപ്പെടുത്തി മേപ്പാടി ഗ്രാമപഞ്ചായത്ത് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന ബ്രഹത്ത് പദ്ധതിയുമായി

പഞ്ചായത്തിലെ ജനങ്ങളുടെ സഹകരണത്തോടെ പദ്ധതിക്ക് രൂപം നൽകുന്നത്.

പദ്ധതിയുടെ പ്രഥമിക സർവ്വേക്കായി മണിക്കുന്ന് മലയുടെ അടിവാരത്തുള്ള മുണ്ടുപാറക്കുന്നിലെ ഗുണഭോക്താക്കളുടെ ഒരു കമ്മിററി

THE NEW INDIAN EXPRESS
KOZHIKODE

# 'Grasim causes ecological damage in Wayanad'

EXPRESS NEWS SERVICE

**Kozhikode, Feb 11:** Wayanad Prakruthi Samraskhana Samithi activists joined the agitation against the Grasim Industries at Mavoor.

Samithi activists led by writer Dr Punathil Kunhabdullah, T K Ibrahim, K Narayanan and Baby Vadakkel joined the relay fast in front of the company under the aegis of the Chaliyar Agitation Council.

In a press statement here today, the Samithi alleged that Grasim's raw material extraction from the forests of Wayanad had caused irreparable ecological damage. It has led to alteration of the climate of Wayanad apart from pushing lakhs of tribal people into poverty.

Forest destruction for raw materials by Grasim with support of the government has caused destruction of the major habitat of Asiatic elephants. Since 1963 Grasim has been destroying the natural forests of Wayanad and in their place eucalyptus, used for converting marshy land in Australia and other countries into dry areas, were planted to provide raw materials to Grasim.

Destruction of bamboo forests of Wayanad led to raids by wild elephants on various crops, farmers and tribals. Out of the 24 panchayats in Wayanad, people and farms in 22 were now affected by wild life attacks and water shortage. This situation is the direct result of forest destruction caused by Grasim, the Samithi alleged.

Meanwhile, Sangamam West, Kodiyathur organised a cartoon exhibition to protest pollution caused by Grasim.

മലയാള മനോരമ KKD
999 ഫെബ്രുവരി 11 വ്യാഴം

# 'റയോൺസ് ഫാക്ടറി അടച്ചു പൂട്ടണം'

മാനന്തവാടി: മണ്ണും ജലവും വാ
യുവും വിഷലിപ്തമാക്കിയും തൊഴിലാ
ളികളെ ബന്ദികളാക്കിയും മാറാവ്യാധി
കൾ അടിച്ചേൽപ്പിക്കുന്ന മാവൂരിലെ
ഗ്വാളിയർ റയോൺസ് അടച്ചുപൂട്ടണ
മെന്ന് പരിസ്ഥിതി പ്രവർത്തകരുടെ
യോഗം ആവശ്യപ്പെട്ടു. 40 വർഷത്തിലേ
റെയായി സംസ്ഥാനത്തെ പ്രകൃതി
സമ്പത്ത് കൊള്ള യടിച്ച് ജനത്തെ പീ
ഡിപ്പിക്കുകയും ദാരിദ്ര്യത്തിലേക്ക്
തള്ളി വിട്ടുകൊണ്ടിരിക്കുകയും ചെയ്യു
ന്ന രാജ്യാന്തര കുത്തകകളെ ആട്ടിയോ
ടിക്കണമെന്ന് സ മ്മേളനം ഉദ്ഘാടനം
ചെയ്ത മാവൂർ സമര സമിതി കൺവീ
നർ നൗഷാദ് ആവശ്യപ്പെട്ടു. ഭരണകൂ
ടത്തിന്റെ സഹ കരണത്തോടെ കു
ത്തകകൾ നടത്തു ന്ന പകൽക്കൊള്ള
ക്കെതിരെ സന്ധിയില്ലാ സമരം നടത്താ
ൻ വയനാട് പ്രകൃതി സംരക്ഷണ
സമിതി നേതാവ് എൻ.ബാദുഷ ആ
ഹ്വാനം ചെയ്തു. ഡോ. എ.സുകുമാ
രൻ അധ്യക്ഷത വഹിച്ചു. അഡ്വ. എം.
വേണുഗോപാൽ, ടി.കെ.ഇബ്രാഹിം പ്ര
സംഗിച്ചു. റാലിക്ക് പത്മനാഭൻ, മോ
ഹൻദാസ്, ബേബി വടക്കേൽ, ജോസ്
സെബാസ്റ്റ്യൻ, ജോസ് ഇല ഞ്ഞിമറ്റം,
കെ.നാരായണൻ നേതൃത്വം നൽകി.

## ഉദ്ഘാടനം ചെയ്തു

...ണ്ടിലെ ഊർ
ജിത കന്നുകാലി വികസന ഉപകേന്ദ്രം
പി.വി.വർഗീസ് വൈദ്യർ എം.എൽ.എ.
ഉദ്ഘാടനം ചെയ്തു. ഗ്രാമപഞ്ചായ
ത്ത് പ്രസിഡന്റ് കെ.കെ.ശശി അധ്യക്ഷ
ത വഹിച്ചു.
ജില്ലാ മൃഗസംരക്ഷണ ഓഫിസർ
ഡോ. പി.കെ.മുഹ്സിൻ, ബ്ലോക്ക് പ
ഞ്ചായത്ത് മെമ്പർ അല്ലി ജോർജ, ഡെ
യ്സി ഡേവിഡ്, കെ.വി.ജോൺ,
എം.വർഗീസ്, വെറ്ററിനറി സർജൻ
ഡോ. എം.എ.കരീം പ്രസംഗിച്ചു.

## റോഡ് നന്നാക്കണം

കരണി: കല്ലംചിറ, കമ്പളക്കാട് റോ
ഡിന്റെ ശോചനീയാവസ്ഥ പരിഹരിക്ക
ണമെന്ന് ഡി.വൈ.എഫ്.ഐ. യൂണിറ്റ്
സമ്മേളനം ആവശ്യപ്പെട്ടു. എം.നജീബ്,
പി.കെ.രാമു, എൻ.പി.ഹരിഹരൻ,
പി.സുരേഷ് പ്രസംഗിച്ചു.

## ഹാൾ ടിക്കറ്റ് വിതരണം

പുൽപള്ളി: പഴശിരാജ കോള
ജിലും, ചേനാട് ഗവ.ഹൈസ്കൂളിലും
പരീക്ഷയ്ക്ക് റജിസ്റ്റർ ചെയ്ത
പ്രീ.ഡിഗ്രി ഒന്നാം വർഷ പ്രൈവറ്റ് വി
ദ്യാർഥികളുടെ ഹാൾ ടിക്കറ്റുകൾ 15, 16
തീയതികൾ കോളജ് ഓഫിസിൽ വിത
രണം ചെയ്യുമെന്ന് പ്രിൻസിപ്പൽ അറി
യിച്ചു.


# ഗ്രാസിം ഉണ്ടാക്കിയ പാരിസ്ഥിതിക പ്രശ്നങ്ങൾ പരിഹരിക്കാനാവില്ല

കല്പറ്റ: മാവൂർ ഗ്വാളിയർ റയോൺസുണ്ടാക്കുന്ന പരിസ്ഥിതി മലിനീകരണ പ്രശ്നങ്ങൾ പരിഹരിക്കപ്പെട്ടാലും ഫാക്ടറിയിലൂടെ വയനാടിനുണ്ടായപാരിസ്ഥിതിക പ്രശ്നങ്ങൾ ഒരു കാലത്തും പരിഹരിക്കപ്പെടില്ലെന്ന് ചാലിയാർ സമരസഹായ സമിതിയും പ്രകൃതി സംരക്ഷണ സമിതിയും സംയുക്തമായി നടത്തിയ കൺവെൻഷൻ അഭിപ്രായപ്പെട്ടു

ഗ്രാസിം ഫാക്ടറി വയനാട്ടിലെ മുള മുഴുവൻ വെട്ടിനശിപ്പിച്ചു. ഇതിനു സർക്കാർ പിൻതുണയും നല്കി. മുള ഉപയോഗിച്ച് കൈത്തൊഴിലിലേർപ്പെട്ടിരുന്ന ആദിവാസി തൊഴിലാളികൾക്കിപ്പോൾ പണിനഷ്ടപ്പെട്ടു- കൺവെൻഷൻ അഭിപ്രായപ്പെട്ടു.

ഗ്രാസിം ഫാക്ടറി മൂലം വയനാടിനു നഷ്ടപ്പെടുന്ന പ്രകൃതിവിഭവങ്ങൾ ഒരുകാലത്തും പുനരുജ്ജീവിപ്പിക്കാൻ പറ്റുന്നതല്ല. വയനാടൻ കാടുകൾ നശിപ്പിക്കുന്ന ഗ്രാസിമിനെതിരെ സമരരംഗത്തിറങ്ങുമെന്ന് ഇരു സമിതികളും അറിയിച്ചു.

കല്പറ്റ വ്യാപാര ഭവനിൽ നടന്ന കൺവെൻഷൻ ഫാർമേഴ്സ് റിലീഫ് ഫോറം പ്രസിഡണ്ട് എ.സി. വർക്കി ഉദ്ഘാടനം ചെയ്തു. ചാലിയാർ സമരസഹായ സമിതി ചെയർമാൻ എ. ഫിലിപ്പോസ് അധ്യക്ഷനായിരുന്നു. ബേബി പോൾ, എൻ. ബാദുഷ, കെ.വി. ഹമീദ്, തോമസ് അമ്പലവയൽ തുടങ്ങിയവർ പ്രസംഗിച്ചു.



മാതൃഭൂമി
1/3/99.

കേരള കൗമുദി ■ കോഴിക്കോട് ■ 1174 ■ മകരം 17 ഞായർ

# മാവൂർ റയോൺസിനെതിരെ വയനാട് ജില്ലയിലും സമരസമിതി

സുൽത്താൻ ബത്തേരി: മാവൂർ ഗ്വാളിയർ റയോൺസ് ഫാക്ടറിയിലേക്ക് വൻതോതിൽ അസംസ്കൃത വസ്തുക്കൾ വയനാട്ടിൽ നിന്ന് കടത്തുന്നതിനാൽ വയനാടിന്റെ പരിസ്ഥിതിക്ക് തന്നെ കോട്ടം സംഭവിച്ചുകൊണ്ടിരിക്കുകയാണെന്ന് പ്രകൃതി സംരക്ഷകരുടെ യോഗം അഭിപ്രായപ്പെട്ടു.

വയനാടൻ വനാന്തരങ്ങളിൽ നിന്ന് വൻതോതിൽ മുള മുറിക്കുന്നത് കാരണം പരിസ്ഥിതിക്ക് കോട്ടം തട്ടുകയും ആനയടക്കമുള്ള മൃഗങ്ങളുടെ ഭക്ഷണം വനാന്തരത്തിൽ നാമാവശേഷമാവുകയും ചെയ്യുന്നു.

മുളയുടെ ദൗർലഭ്യം രൂക്ഷമായതോടെ വൻതോതിൽ ജലം വലിച്ചെടുക്കുന്ന യൂക്കാലിപ്റ്റസ് മരങ്ങൾ സ്വാഭാവിക വനം വെട്ടിനശിപ്പിച്ച് ഗ്വാളിയോർ റയോൺസിനു വേണ്ടി വച്ചുപിടിപ്പിക്കുകയും ചെയ്യുന്നു. ഇതുകാരണം വയനാടൻ വനാന്തരങ്ങളും സമീപപ്രദേശങ്ങളും കടുത്ത വരൾച്ചയെ നേരിടുകയും പരിസ്ഥിതി സന്തുലനത്തിന് കോട്ടം തട്ടുകയും ചെയ്തു.

ഫാക്ടറിയുടെ തുടക്കത്തിൽ നിലമ്പൂർ കാടുകളിൽ നിന്ന് 1,60,000 ടൺ മുള ഒരു കൊല്ലം വെട്ടാമെന്ന തെറ്റായ കണക്കിന്റെ അടിസ്ഥാനത്തിലാണ് ടണ്ണിന് ഒരു രൂപ വച്ച് മുള നൽകിയിരുന്നത്. 1967 ആയപ്പോഴേക്കും നിലമ്പൂരിലെ മുളകൾ തീർന്നതോടെയാണ് വയനാടൻ കാടുകളിലേക്ക് ഫാക്ടറിയുടെ നോട്ടം വന്നുവീണത്.


1962 ൽ കേരളത്തിലെ കാടുകളിലെ മുഴുവൻ മുളകളും വെട്ടാനുള്ള കുത്തകാവകാശം ബിർളക്ക് സർക്കാർ നൽകി. ആദിവാസിയായ ഒരു കർഷകൻ അഞ്ചു മുളക്ക് 1200 രൂപ നൽകുമ്പോൾ മാവൂർ ഫാക്ടറി ഒരു ടൺ ഉണങ്ങിയ മുളക്ക് നൽകുന്നത് 450 രൂപ മാത്രമാണ്. മുള ഉപയോഗിച്ച് കൈത്തൊഴിൽ ചെയ്തു ജീവിക്കുന്നവരുടെ മാത്രമല്ല, വയനാട്ടിലെ ആദിവാസികളുടെയും കർഷകരുടെയും ജീവിതം വരെ ഫാക്ടറി മൂലം താറുമാറായി.

റയോൺസിനു വേണ്ടി വ്യാപകമായി മുള മുറിച്ചതുമൂലം ഭക്ഷണമില്ലാതായ ആനകൾ വനത്തിൽ നിന്ന് നാട്ടിലിറങ്ങി ജനങ്ങളുടെ സ്വത്തിനും ജീവനും ഭീഷണിയുമായി.

മുളയുടെ ലഭ്യത കുറഞ്ഞപ്പോൾ സ്വാഭാവിക മരം വെട്ടിനശിപ്പിച്ച് പരിസ്ഥിതിയെ തകർക്കുന്ന യൂക്കാലിപ്റ്റസ് നട്ടുവളർത്തി റയോൺസിന് നൽകുന്നതിൽ ഒരു ഹെക്ടറിൽ 19,008 രൂപയാണ് സർക്കാരിന് ചെലവ്. ഇത്രയും സ്ഥലത്തെ മരം വിറ്റാൽ കിട്ടുന്നത് 9460 രൂപയും. യൂക്കാലിപ്റ്റസ് വച്ചുപിടിപ്പിച്ച് നഷ്ടം വരുത്തിയെന്ന് മാത്രമല്ല, കാടിനോട് ചേർന്ന നെൽവയലുകളും യൂക്കാലിപ്റ്റസിന്റെ വെള്ളം വലിച്ചെടുക്കലിൽ വറ്റിവരണ്ട് കൃഷിക്ക് ഉപയുക്തമല്ലാതായിത്തീർന്ന് മാവൂരിലെ ഫാക്ടറി ചാലിയാർ നിവാസികൾക്ക് മാത്രമല്ല, വയനാടിനും ഭീഷണിയാകയാൽ ഫാക്ടറി അടച്ചുപൂട്ടണമെന്ന ആവശ്യത്തിനായി രംഗത്തിറങ്ങുന്നതിനും പ്രക്ഷോഭ സമരങ്ങൾ സംഘടിപ്പിക്കുന്നതിനുമായി സമരസമിതി രൂപീകരിച്ചു പ്രവർത്തനമാരംഭിച്ചു.

സമരസമിതി സംസ്ഥാന കോ- ഓർഡിനേറ്റർ എ.സുരേന്ദ്രനാഥിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ വി.ഫിലിപ്പോസ് (ഫെസീന), നാരായണൻ (സോളിഡാരിറ്റി), ബേബി വടക്കേൽ (സേവ് കബനി കാമ്പയിൻ), ഡോ. എ.സുകുമാരൻ (പഴശ്ശി നാച്വർ ക്ളബ്), ടി.കെ.ഹസ്സൻ (തുടി, കൽപ്പറ്റ), എൻ.ബാദുഷ, ബാബു മൈലമ്പാടി, തോമസ് അമ്പലവയൽ (പ്രകൃതി സംരക്ഷണ സമിതി) എന്നിവർ പങ്കെടുത്തു.

ഫെബ്രുവരി 14 ന് കൽപ്പറ്റയിൽ ജില്ലാതല സമര പ്രഖ്യാപന കൺവെൻഷൻ നടത്താൻ തീരുമാനിച്ചു. മുൻ എം.പി. കെ.വി.സുരേന്ദ്രനാഥ്, ഡോ. നഞ്ചുണ്ട സ്വാമി, സുഗതകുമാരി എന്നിവർ യോഗത്തിൽ പങ്കെടുക്കും. വി.ഫിലിപ്പോസ് ചെയർമാനും എൻ.ബാദുഷ കൺവീനറുമായി നാൽപ്പത് പേരടങ്ങുന്ന ജില്ലാതല സമരസമിതി രൂപീകരിച്ചു.



സുൽത്താൻബത്തേരി സ്വതന്ത്ര മൈതാനിയിൽ പ്രകൃതി സംരക്ഷണ സമിതിയുടെ ആഭിമുഖ്യത്തിൽ ചേർന്ന പൊതുയോഗത്തിൽ സുഗതകുമാരി സംസാരിക്കുന്നു

## റയോൺസ് പൂട്ടണമെന്ന് സുഗതകുമാരി

ബത്തേരി: വികസിതരാഷ്ട്രങ്ങൾ ഉപേക്ഷിച്ച സാങ്കേതികത്വം പിൻതുടരുന്ന മാവൂർ റയോൺസ് പൂട്ടണമെന്ന് കേരള വനിതാ കമ്മീഷൻ ചെയർപേഴ്സൺസുഗതകുമാരി അഭിപ്രായപ്പെട്ടു.

വയനാട്, പ്രകൃതി സംരക്ഷണ സമിതിയുടെ ആഭിമുഖ്യത്തിൽ ബത്തേരി സ്വതന്ത്രമൈതാനിയിൽ ചേർന്ന പൊതുയോഗത്തിൽ പ്രസംഗിക്കുകയായിരുന്നു അവർ.

ഫാക്ടറി പൂട്ടുന്നതോടെ തൊഴിൽ നഷ്ടപ്പെടുന്നവരുടെ ഉത്തരവാദിത്വം ബിർളഗ്രൂപ്പ് ഏറ്റെടുക്കണം. മറ്റു വ്യവസായ ശാലകളിൽ ഇവർക്ക് ജോലി നല്കണം. റയോൺസ് ഫാക്ടറി ഭീകരമായ സാഹചര്യങ്ങളാണ് സൃഷ്ടിക്കുന്നത്. ഇടതുപക്ഷം ഭരിക്കുന്ന സംസ്ഥാനത്തിൽ ഈ അവസ്ഥ ലജ്ജാകരമാണ്. ഇടതുപക്ഷവും മുതലാളിത്തവ്യവസ്ഥിതിയിലേക്ക് സഞ്ചരിക്കുന്നുവെന്നതിന് തെളിവാണിത്. ഗ്രാസിമിനുവേണ്ടി തീറെഴുതിക്കൊടുക്കാനുള്ളതല്ല വയനാടും കാടുകളും.

എൻ. ബാദുഷ അധ്യക്ഷനായിരുന്നു. പ്രൊഫ. ടി. മോഹൻബാബു, തോമസ് അമ്പലവയൽ, എം. ഗംഗാധരൻ മാസ്റ്റർ, ബാബു മൈലംപാടി എന്നിവർ പ്രസംഗിച്ചു.

മാതൃഭൂമി
23.2.99


## ഗ്രാസിം മലിനീകരണം: കല്പറ്റയിൽ കൺവെൻഷൻ

സുൽത്താൻബത്തേരി: മാവൂർ ഗ്രാസിം ഇൻഡസ്ട്രീസും വയനാടിന്റെ പാരിസ്ഥിതികപ്രശ്നങ്ങളും ചർച്ചചെയ്യുന്നതിന് ചാലിയാർ സമരസഹായസമിതി, വയനാട് പ്രകൃതിസംരക്ഷണസമിതി എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ ഫിബ്രവരി 28-ന് കല്പറ്റ വ്യാപാരഭവൻ ഓഡിറ്റോറിയത്തിൽ കൺവെൻഷൻ നടത്തും.

വയനാട്ടിലെ പരിസ്ഥിതിപ്രവർത്തകർ. കർഷകപ്രതിനിധികൾ, സാമൂഹ്യ-സാംസ്കാരികപ്രവർത്തകർ, ആദിവാസിസംഘടനാപ്രതിനിധികൾ, രാഷ്ട്രീയപ്രവർത്തകർ തുടങ്ങിയവർ കൺവെൻഷനിൽ പങ്കെടുക്കും.

രണ്ട് മണിക്ക് നടക്കുന്ന കൺവെൻഷൻ കർണാടക രാജ്യ റെയിത്ത് സംഘം നേതാവ് പ്രൊഫസർ നഞ്ചുണ്ടസ്വാമി, ചാലിയാർ സമരസഹായസമിതി ചെയർമാൻ ഡോ. കെ.വി. ഹമീദ്, എ. ഫിലിപ്പോസ്, എൻ.ബാദുഷ എന്നിവർ പ്രസംഗിക്കും.

മാതൃഭൂമി
24.2.99



ചാലിയാർ സംരക്ഷണ സമര സഹായ സമിതി ബത്തേരി സ്വതന്ത്ര മൈതാനത്ത് സംഘടിപ്പിച്ച പൊതുയോഗത്തിൽ സുഗതകുമാരി പ്രസംഗിക്കുന്നു.

# 'പ്രകൃതി വിഭവങ്ങൾ മുതലാളിമാർക്ക് കൊള്ളയടിക്കാനുള്ളതല്ല'

മനോരമ 24.2.99

ബത്തേരി: ഫലഭൂയിഷ്ഠവും ജലസമൃദ്ധവുമായ വയനാടിന്റെ നിലനിൽപ്പിന് കോട്ടം തട്ടുന്നതിനെതിരെ പ്രതികരിക്കാൻ യുവാക്കൾ മുന്നോട്ടുവരണമെന്ന് കവയിത്രി സുഗതകുമാരി അഭ്യർഥിച്ചു. ചാലിയാർ സംരക്ഷണ സമര സഹായ സമിതി ബത്തേരിയിൽ സംഘടിപ്പിച്ച പൊതുയോഗത്തിൽ പ്രസംഗിക്കുകയായിരുന്നു അവർ.

ഈശ്വരൻ അനുവദിച്ച വിഭവങ്ങൾ മുതലാളിമാർക്കോ രാഷ്ട്രീയക്കാർക്കോ ഉദ്യോഗസ്ഥർക്കോ കൊള്ളയടിക്കാനുള്ളതല്ല. ഇതിനെതിരെ ലക്ഷം കണ്ഠങ്ങൾ ഒച്ച ഉയർത്തണം. പച്ചപ്പും ജല സമൃദ്ധവുമായ വിഭവങ്ങൾ മാവൂരിന് നൽകിയാൽ വയനാട് തീരും.

വിഷം കഴിക്കുന്നവരും വിഷം ശ്വസിക്കുന്നവരുമാണ് ഇന്ന് മാവൂരിൽ. പുഴയേയും മനുഷ്യനേയും വായുവിനേയും കൊന്ന് എന്തിനാണ് ലാഭം ഉണ്ടാക്കുന്നതെന്ന് ചോദിക്കുമ്പോൾ സർക്കാർ മുഖം തിരിക്കുന്നു. അമ്മയുടെ മുലപ്പാലിൽ പോലും വിഷമാണ്. നൂറു ശതമാനം സാക്ഷരതയുള്ള കേരളം പതിനഞ്ച് ശതമാനം സാക്ഷരതയുള്ള ബീഹാറിനേക്കാൾ കഷ്ടമാണ്.

പഴശിരാജ കോളജ് പ്രിൻസിപ്പൽ പ്രഫ.ടി.മോഹൻബാബു അധ്യക്ഷത വഹിച്ചു. തോമസ് അമ്പലവയൽ, എൻ.ബാദുഷ, ബാബു മൈലമ്പാടി എന്നിവരും പ്രസംഗിച്ചു.

## യുവജനത വിജയിച്ചു

മാനന്തവാടി: സാംഗ ആർട്സ് ആൻഡ് സ്പോർസ് ക്ലബിന്റെ നേതൃത്വത്തിൽ നടത്തിയ പഴശിരാജാ മെമ്മോറിയൽ ഉത്തര കേരള വോളിബോൾ മേളയിൽ യുവജനത കോട്ടൂർ വിജയികളായി. ഡിവൈൻ എടൂരിനാണ് രണ്ടാം സ്ഥാനം.

1999 ഫെബ്രുവരി 24 ബുധൻ

# ഗ്രാസിം ഉടൻ അടച്ചുപൂട്ടണം -സുഗതകുമാരി

മാധ്യമം

സുൽത്താൻബത്തേരി: തൊഴിലാളികൾക്ക് നഷ്ടപരിഹാരം നൽകി മാവൂർ ഗ്രാസിം ഉടൻ അടച്ചുപൂട്ടണമെന്ന് പ്രശസ്ത പരിസ്ഥിതി പ്രവർത്തകയും കേരള വനിതാ കമീഷൻ ചെയർപേഴ്സനുമായ സുഗതകുമാരി ആവശ്യപ്പെട്ടു.

ചാലിയാർ സമരസഹായ സമിതിയുടെ ആഭിമുഖ്യത്തിൽ സുൽത്താൻ ബത്തേരി സ്വതന്ത്ര മൈതാനിയിൽ നടന്ന പൊതുസമ്മേളനം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അവർ.

മലയാളിയുടെ നിസംഗ ഭാവമാണ് ദുരിതങ്ങൾക്കു കാരണം. എന്നാൽ, ഗ്രാസിം പൂട്ടിക്കുന്ന കാര്യത്തിൽ മലയാളികൾ കരുത്ത് തെളിയിക്കണം. ഗ്രാസിമിന് നിലവിലുള്ള മൂലധനം ഉപയോഗിച്ച് പരിസ്ഥിതിക്ക് ദോഷം ചെയ്യാത്ത മറ്റ് വ്യവസായം ആരംഭിക്കാമെന്ന് അവർ ചൂണ്ടിക്കാട്ടി. പ്രകൃതി പവിത്രവും, അത്യ നർഘവുമാണ്. പ്രകൃതിയെ നശിപ്പിക്കാൻ ആർക്കും അധികാരമില്ല. നമ്മുടെ കുട്ടികൾക്ക് ജീവിക്കാനുള്ളതാണ് പ്രകൃതി. ഉദ്യോഗസ്ഥന്മാർക്ക് കൊള്ളയടിക്കാനും, വെട്ടിവെളിപ്പിക്കാനുമുള്ളതല്ല കാട്. കാട് ജനങ്ങളുടെ സ്വത്താണ്. മുതലാളിത്വ ചക്രവർത്തിമാർക്ക് മുന്നിൽ ഭരണകൂടങ്ങൾ ഓച്ഛാനിച്ച് നിൽക്കുകയാണ്. ഇടത് കക്ഷികൾ ഭരിക്കുമ്പോഴും ഇതേ നില തുടരുകയാണ്.

പാവങ്ങളായ പടയാളികളുടെ നാടാണ് വയനാട്. പിതൃസ്വത്താണ് കാടെന്ന് തിരിച്ചറിഞ്ഞ് വനനശീകരണത്തിനെതിരെ നാട് ഉണരണം. ഈ കാര്യത്തിൽ ആദിവാസികൾ കൂടെ നിൽക്കണം. വനനശീകരണത്തിൽ എല്ലാ പരിധികളും ലംഘിക്കപ്പെടുകയാണ്. 'മതി മതി' എന്നു മാത്രമെ ഇനി പറയേണ്ടതുള്ളു.

കാടും, സ്ത്രീയും കടിഞ്ഞാണില്ലാതെ ചൂഷണം ചെയ്യപ്പെടുകയാണ്. അമ്മയുടെ മുലപ്പാലിൽപോലും ഡി.ഡി.ടി കാണുമ്പോൾ മലയാളിയുടെ ജീവിതം ബീഹാറിലെ ജനങ്ങളുടെ ജീവിതത്തെക്കാൾ ദുരിതപൂർണമാണെന്ന് നാം മനസ്സിലാക്കണം. റഹ്മാന്റെ ആത്മബലിക്ക് മുന്നിൽ നിന്ന് നാം പ്രതിജ്ഞയെടുക്കണം 'കാട് മുടിച്ചത് മതി' -അവർ ആഹ്വാനം ചെയ്തു.

1979-ൽ പ്രകൃതിസംരക്ഷണ രംഗത്ത് ഇറങ്ങിയപ്പോഴുള്ള അതേ ഭാഷയും, വികാരവും, നിരാശയുമാണ് തനിക്ക് ഇപ്പോഴുമുള്ളതെന്ന് സുഗതകുമാരി പറഞ്ഞു. വേദനയാണ് മനസ്സുനിറയെ. കാര്യങ്ങൾ ആരും ചെവികൊള്ളുന്നില്ല. എന്നാലും പ്രതീക്ഷ ബാക്കിനിൽക്കയാണെന്ന് അവർ പറഞ്ഞു.

പുൽപ്പള്ളി പഴശ്ശിരാജ കോളേജ് പ്രിൻസിപ്പൽ പ്രൊഫ. ടി. മോഹൻ ബാബു അധ്യക്ഷതവഹിച്ചു. എൻ. ബാദുഷ, തോമസ് അമ്പലവയൽ തുടങ്ങിയവർ പ്രസംഗിച്ചു.

INDIAN EXPRESS

WEDNESDAY, AUGUST 4, 1999

# Plea to ban plastic national flags




**Lots of plastic national flags on display in shops all over Kerala in view of the forthcoming Independence Day:** NIE

**Kalpetta, Aug 3:** The Wayanad Prakruthi Samrakshana Samithi today urged the State Government to issue immediate order to ban the use of plastic national flags in the forthcoming Independence Day celebrations.

In a memorandum to the Chief Minister, the Kerala State Pollution Control Board secretary and others, the Samithi leader P U Joy said lakhs of tons of plastic national flags are already dumped in the market and these are on display at shops near schools.

Teachers gather money from school students and buy hundreds of these materials for a Independence Day celebrations lasting only for few minutes. Tons of toxic plastic waste in the form of national flags and other national symbols, would be pushed into the environment soon after the Independence Day programme.

The damage these toxic plastic flags cause to the environment is unimaginable as it even affect future generations because of the non-biodegradable nature of plastic used for these items.

The celebrations of the golden jubilee of Independence had generated lakhs of tons of toxic plastic waste which was thrown into the environment. During the last few years, the Independence Day and other national festivals have been converted into toxic waste-generating festivals. This tendency should be curbed immediately as plastic waste has become a real menace.

The memorandum referred to the control on the use of plastic decorative materials for election campaigns by the Election Commission on the basis of petition by the World Wide Fund for Nature.

The Samithi urged the Chief Minister and the Pollution Control Board to issue orders banning the use of plastic national flags and other national symbols during Independence Day celebrations from this year onwards. ENS

---

...ere will be lot confusions and ...

HINDU- 13/8/99

# Plea to ban use of plastic flag on I-Day

**KOZHIKODE, AUG. 12.** The Wayanad Prakriti Samrakshana Samithi (Committee for Protection of Nature) has appealed to educational institutions to give up the practice of using plastic flags and buntings for celebrating Independence Day on August 15.

The appeal comes at a time when teachers are collecting money from students to buy plastic flags for Independence Day.

Mr. P. U. Joy, secretary of Prakrithi Samrakshana Samithi, said though intended to indicate patriotism, use of national flags made of plastic were actually an unpatriotic act.

This was because plastic objects were bio-non -degradable and would never become part of soil. Instead they would cause untold damage to both men and soil in the long run.

Sounding a note of caution against use of plastic objects, the committee pointed out that the number of animals dying after eating plastic covers was rising.

# Amnesty backs SSP protesters

WASHINGTON: Amnesty International has included the treatment meted out to the protesters of the Narmada project among the ten "urgent" cases of human rights violation.

"Peaceful demonstrators against he Narmada dam project are arrested, beaten and intimidated by the police," it charged in a report, *Ten Urgent Cases of Human Rights Abuses*, brought out jointly with the Sierra Club, a prominent US environmental organisation.

Calling on the Indian government to "protect the human rights of protesting villagers and activists and uphold constitutional guarantees for freedom of association and speech", the two organisations asked it to "respect the rights to freedom of expression and association of those affected and the dam construction workers, and ensure that their civil and political rights are not violated and they are not detained and subjected to cruel, inhuman and degrading treatment". *(PTI)*

## *NBA office attacked*

**VADODARA: Six unidentified men ransacked the Narmada Bachao Andolan office here and manhandled an NBA activist in the wee hours of Thursday. They threatened the activists to 'leave Gujarat, or else face death'.**

➤Details, Page 3

TIMES OF INDIA
10/12/99

# NBA office ransacked


By A Staff Reporter

**VADODARA: Six unidentified men ransacked the Narmada Bachao Andolan office here and manhandled a NBA activist in the wee hours of Thursday. They threatened NBA activists to 'leave Gujarat, or else face death'.**


**Two men reportedly barged into the NBA office at Shivam Park, Ellora Park at 2 am on Thursday. NBA activist Raghuvirsinh Ratansinh Raghvanshi, who was at the office responded to the call bell and opened the door. The men held an revolver and a knife and stormed into the office. They pinned Raghu to the ground after beating him up. Meanwhile, the four other barged into the office and ransacked it. They tore down documents and burnt them. Raghu received minor knife wounds as the men escaped with Rs 20,000 kept in the office locker.**

**The men were aged between 30 and 32 and repeatedly asked the NBA to leave Gujarat.**

TOI



**A policeman inspects the ransacked office of Narmada Bachao Andolan in Vadodara on Thursday.**



The NBA office located at Ellora Park in the city was ransacked during the early hours of Thursday. Newsline Photo by Cherian Thomas.

# NBA office ransacked

**EXPRESS NEWS SERVICE**
VADODARA, DEC 9

THE office of the Narmada Bachao Andolan was ransacked and Rs 20,000 stolen by a six-member gang early this morning. The attack took place between 2 a.m. and 3 a.m., when only one activist, Raghuvirsinh Raghuvanshi, was present at the Ellora Park office.

The NBA's Nandini Oza told *Express Newsline* that the organisation had been receiving threatening calls since October and had complained to the Police Commissioner.

When this reporter visited the office during the day, files, magazines, news clippings and documents lay scattered on the floor; a computer and its accessories had been turned upside down.

In his complaint lodged with the police, Raghuvirsinh said he opened the door after the bell rang; two men forced their way in, followed by four others. One had a knife and another a revolver. He was pushed against the wall, sat upon and warned against moving. During the half-hour incident, the men reportedly told Raghuvirsinh that the NBA should leave Gujarat immediately "or else they will not hesitate in killing". They then upset the files and other office fixtures and took cash from the cupboard before making off in a Tata Sumo.

The complaint is being investigated by PSI A B Patil, who was not available for comment.

Oza, however, expressed doubts over whether anything would come out of the investigation.

Her colleague Sukumar pointed out that nothing had emerged from the judicial probe into an attack that had occurred in 1994, despite documentary evidence of former education minister Nalin Bhatt, former Mayor Dr Rajendrasinh Rathore and Yogesh Akolkar attacking the office. The incident was condemned by the Delhi Forum, Vadodara Kamdar Union and National Alliance of People's Movements, who will stage protests in New Delhi, Malegaon and Mumbai.

**PHOTO ON PAGE 3**

Indian Express 10/12/99

# Attack politically motivated: NBA

11.12.99 TOI

By A Staff Reporter

VADODARA : The Narmada Bachao Andolan (NBA) has termed Thursday's attack on its office here as 'politically motivated' and has pointed fingers at both the BJP and the Congress.

The NBA on Friday stated that it has no faith in police inquiry and that it strongly suspected Thursday's attack was pre-planned and executed in a fashion similar to previous attacks.

Even after 36 hours of the attack on the NBA office in Ellora Park, the police are yet to arrest any of the six miscreants mentioned in the first information report with the Gorwa police station. "We have instituted an inquiry into the case. However, till now, we haven't come across strong evidence about the assailants", said deputy commissioner of police (North) I N Patel.

However, a senior police official indicated that the police had doubts about the authenticity of the report filed by NBA activist Raghuveer Raghuvanshi. Requesting anonymity officials said that they felt the report could have been fabricated.

NBA activist Nandini Oza, when approached, said : "It is not the first time the NBA has been attacked. In 1994 our office was ransacked by the BJP and Congress men. This attack is similar to that one. Ransacking, threatening us to leave Gujarat".

The NBA's sharp reaction comes in wake of a unanimous condemnation of the incident by 14 non-government organisations (NGOs) active in the city. Thursday's attack on NBA office by six men, two armed with a knife and revolver, and mild assault of Raghuveer Raghvansinh, an NBA worker, was criticised at two public forums on Friday.

"Than we had documentary as well as video evidence against the ransackers like Nalin Bhatt. There was a judicial inquiry too but no action was taken. In the present incident too the police and the state government will be passive", Ms Oza said. She said that since last two months the NBA had been receiving threatening phone calls and had kept the police informed. "We had lodged a police complaint when the first threatening call was received on October 16. The police came to check with us on October 21 but after that nothing", Ms Oza said.

Another NBA activist who normally accompanies Raghuveer at the Ellora Park office, M K Sukumar also said that despite updating the police on regular threatening calls no action has been initiated. "We kept them informed. There was a threat to us but the police didn't take it seriously. They never do when it is NBA", Mr Sukumar said. The NBA also cited the incident of Swami Sacchinananda publicly talking and imploring state authority to kill NBA workers in 'encounters', and 'immolate' Medha Patkar. "Even than the police didn't do anything. We have stopped expecting anything from the police", Ms Oza said.

# State govt urged to probe into attack on NBA office

11/12/99 IE

EXPRESS NEWS SERVICE
VADODARA, DEC 10

SEVERAL organisations have urged the Government to probe the attack on the Narmada Bachao Andolan (NBA) office in Vadodara on Thursday. Action against the accused has also been demanded.

People's Movements, Indian Centre for Human Rights and Law, Kutch Development Forum, Save Western Ghats Movement and several other organisations in a statement from Mumbai on Friday stated that "the hysterical atmosphere created in the State by the Government and other politicians have incited these few people to take the law into their hands".

Mihir Desai and Deepak Mepani stated that instead of having a meaningful dialogue with the NBA, turning to violence is a cowardly act.

In a statement here on Friday, Kirit Bhatt, Tulsi Boda and Dr J S Bandukwala of PUCL said the attack is a cause for concern for the common man. They alleged that the attack was a manifestation of fascists attacking those having a different ideology. Rohit Prajapati and Anand Mazgaokar described the attack as a violation of Human Rights on the eve of Human Rights Day. The signatories include the organisations Jatan, Olakh, Situ and Communalism Combat.

Meanwhile, the Gorwa police is investigating the case in which six unidentified persons ransacked NBA's office and made away with Rs 20,000.

Many organisations and activists in Ahmedabad and Mumbai have condemned the attack on the Narmada Bachao Andolan (NBA) office in Vadodara. The statement signed by 28 representatives of human rights organisations, social activists, writers and Christian missionaries of Ahmedabad and 19 organisations of Mumbai, describes it as an act of cowardice.

The signatories wonder if "this is the real kar sewa" that instead of a meaningful dialogue with NBA with facts and figures, violent ways were being adopted.

"Forcefully entering the office with lethal weapons like knives and revolver, injuring an activist and burning valuable documents is no way to deal with a non-violent movement like NBA," says the statement.

Among the signatories are veteran lawyer and activist Girish Patel, Father Cedric Prakash of St Xavier's Social Service Society, Bhushan Oza of Lawyers Initiative, Dwarikanath Rath of Socialist Unity Centre of India, Indukumar Jani of Naya Marg and Charul Bharwada from Abhigam Collective.

